# ആദിവാസികളുടെ പട്ടിണി മരണം കൊലപാതകമാണ്





14-8-2001

സുൽത്താൻ ബത്തേരി

ആദിവാസികളുടെ നിലനിൽപ്പ് ഉറപ്പാക്കപ്പെടുന്നത് സാമ്പത്തികമായ കെട്ടുറപ്പിലാണ്. ആ കെട്ടുറപ്പ് തകർക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചത് ഇവിടെ മാറിമാറി അധികാരത്തിൽ വന്ന ഭരണാധികാരികളാണ്. ആദിവാസിഭൂമി ചതിയിലും വഞ്ചനയിലും ബലപ്രയോഗത്തിലും കൈവശപ്പെടുത്തി ഞങ്ങളെ ഭൂരഹിതരും കൂലിയടിമകളും തൊഴിൽ രഹിതരുമാക്കി. ഭൂമി തട്ടിയെടുത്തവർക്ക് ഇടതുപക്ഷക്കാർ നിയമസംരക്ഷണം കൊടുത്തു. മരിച്ചാൽ കുഴിച്ചിടാൻ പോലും ആദിവാസികൾക്കും ദരിദ്രർക്കും ഭൂമിയില്ലാത്തപ്പോൾ ടാറ്റ, ഗോയങ്ക. നാട്ടുപ്രമാണിമാർ-ഇവരുടെ കൈവശം ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് ഉള്ളതെന്ന് ഓർക്കണം. കുത്തകകൾക്കുവേണ്ടി കൃഷിയിടങ്ങൾ നാണ്യവിളകളാക്കി മാറ്റി. ഒടുവിൽ നാണ്യവിളയുടെ വില ഇടിച്ചുകഴിഞ്ഞപ്പോൾ ആ തകർച്ചയിൽ ഉള്ള കൂലിപ്പണി പോലും നഷ്ടപ്പെട്ട് പട്ടിണി കിടന്ന് മരിക്കാൻ ആദിവാസികൾ വിധിക്കപ്പെടുകയായിരുന്നു. 47മുതൽ ആദിവാസി വികസനത്തിന്റെ പേരിൽ കോടികൾ മുടക്കി. ഇപ്പോൾ അത് പഞ്ചായത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നു. കൂടാതെ സാമ്രാജ്യത്വസന്നദ്ധസംഘടനകളുടെ വക വേറെയും. എന്നിട്ട് ആരാണ് ഇവിടെ വികസിച്ചത്. കോൺട്രാക്ടർമാരും ഉദ്യോഗസ്ഥമേധാവികളും കൂട്ടിക്കൊടുപ്പ് ഭരണരാഷ്ട്രീയക്കാരും വികസിച്ചു. ആദിവാസികൾ ഇന്നും വീടില്ലാത്തവരും ചോർന്നൊലിക്കുന്ന കൂരകളിലും വെള്ളവും വെളിച്ചവുമില്ലാതെ ചത്തൊടുങ്ങുന്നു. അവശേഷിക്കുന്നവരെ നോക്കി നിങ്ങൾ മദ്യപാനികളാണെന്നും ജീവിക്കാൻ അറിയാത്തവരാണെന്നും ഞങ്ങൾ ഇട്ടുതരുന്ന എച്ചിലുകൾ പോലും വിറ്റ് ചാരായം കുടിക്കുന്നവരാണെന്ന് കൊച്ചുകൊച്ചു കുട്ടപ്പൻമാരായ മന്ത്രിമാർ മൊഴിയുന്നു. ഒരുവശത്ത് ഭീകരമായ വിലക്കയറ്റം സൃഷ്ടിക്കുന്നു. മറുവശത്ത് ഗോഡൗണുകളിൽ ഭക്ഷ്യധാന്യം ചീഞ്ഞുനാറുന്നു. നടുക്കടലിൽ കെട്ടിത്താഴ്ത്തുന്നു. ജനങ്ങൾക്കെതിരെ ഭരണകൂടം നടത്തുന്ന യുദ്ധമാണിത്. ഈ യുദ്ധത്തിൽ ഇന്ന് ആദിവാസികളാണ് മരിച്ചുവീഴുന്നത്. നാളെ ദരിദ്രരും ഇടത്തരക്കാരുമായിരിക്കും. ഈ ഭരണകൂട കൊലപാതകത്തിനെതിരെ ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുത്തുകൊണ്ട് ആദിവാസികൾ ചെറുത്തുനിൽപ്പിന് തയ്യാറാവുകയാണ്. മുഴുവൻ പട്ടിണിക്കാരും ദരിദ്രരും ഐക്യപ്പെടുക.

*കെ.എം.തമ്പു,സെക്രട്ടറി*

**(ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുത്തുകൊണ്ട് ആദിവാസിസമരസംഘം നടത്തിയ പ്രസ്താവന)**